(ബി) പട്ടവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 48 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി ടി സ്കൂളിൽ നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളിന്റെ ഹയർസെക്കന്ററി വിഭാഗത്തിന്റെ ഒന്നാം നില നിർമ്മാണം നടത്തുന്നതിന് 1.15 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിരുന്നു. ഇതു സംബന്ധിച്ച പ്രവൃത്തികൾ നടന്നു വരികയാണ്.

മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നവീകരണ പ്രവർത്തനത്തിനും അറ്റകുറ്റപ്പണിക്കും ക്വാർട്ടേഴ്സ് നിർമ്മാണത്തിനും വേണ്ടി 4.11 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുണ്ട്.

ആദിവാസി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ സഹായം

261 (646) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ ആയിരം ആദിവാസി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി രണ്ടര ലക്ഷം രൂപ വീതം സർക്കാർ നീക്കിവച്ചിരുന്നതു വിനിയോഗിച്ച് എത്ര ആദിവാസി കുടുംബങ്ങൾക്ക് പ്രസ്തുത സഹായം നൽകി എന്നുള്ള വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

2014-15 സാമ്പത്തിക വർഷത്തിൽ 1000 പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം നടത്തുന്നതിനുവേണ്ടി രണ്ടര ലക്ഷം രൂപ വീതം നീക്കിവച്ചിരുന്നു. എന്നാൽ ടി മേഖലയിൽ 2907 വീടുകൾ നിർമ്മിക്കുന്നതിനുള്ള നടപടിയാണ് കൈക്കൊണ്ടത്. മാത്രമല്ല ടി ധനസഹായം പിന്നീട് മൂന്നരലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

262 (647) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികവർഗ്ഗക്ഷേമവകുപ്പ് മുഖേന ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികവർഗ്ഗക്ഷേമ വകുപ്പ് മുഖേന ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു:

ഹാംലറ്റ് ഡെവലപ്മെന്റ് സ്കീം

ഫുഡ് സപ്പോർട്ട്

കോർപ്പസ് ഫണ്ട്

ഭവന നിർമ്മാണം

വീട് അറ്റകുറ്റപ്പണി

എസ്.സി.എ. ടു ടി.എസ്.പി

(ബി)

പദ്ധതി	വകയിരുത്തിയ തുക	ചെലവഴിച്ച തുക
ഹാംലറ്റ് ഡെവലപ്മെന്റ് സ്കീം	2 കോടി	50 ലക്ഷം
ഫുഡ് സപ്പോർട്ട്	1014876	1014876
കോർപ്പസ് ഫണ്ട്	17888565	17888565
ഭവന നിർമ്മാണം	270100000	239072500
വീട് അറ്റകുറ്റപ്പണി	85 ലക്ഷം	75 ലക്ഷം
എസ്.സി.എ.ടു ടി.എസ്.പി	6533825	6533825

(സി) ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതിയിൽ 2 ഹാംലറ്റുകളെ തെരഞ്ഞെടുത്തിരുന്നു.

1. കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് - ഉമ്മൻചാണ്ടി കോളനി
2. കാഞ്ചിയാർ പഞ്ചായത്ത് - കോഴിമല

ഓരോ ഹാംലറ്റിനും ഒരു കോടി രൂപവീതം 2 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പദ്ധതി പ്രാരംഭഘട്ടത്തിൽ 25% അഡ്വാൻസ് തുകയായി 25 ലക്ഷം രൂപ വീതം 50 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. ഈ പദ്ധതി ഇപ്പോൾ അവസാന ഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly